**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3989** **03-03-2023 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ് സജ്ജീകരിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എത്ര തുകയാണ് ഇതിനായി ചെലവഴിക്കുകയെന്നും പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ; | (എ) | ഉണ്ട്. 26/07/2021 ലെ സ.ഉ (സാധാ)1555/2021/ ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം ഓരോ നിയോജക മണ്ഡലത്തിലും 10 കിടക്കകളുള്ള ഒരു ഐസലോഷൻ വാർഡ് നിർമ്മിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 1,75,96,748/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കളായി കെ.എം.എസ്.സി.എല്ലിനേയും നിർമ്മാണ ഏജൻസിയായി തൃശ്ശൂർ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയേയുമാണ് തെരഞ്ഞെടുത്തിരിക്കുന്നത്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ഏത് ആരോഗ്യ സ്ഥാപനത്തിലാണ് കോവിഡ് മഹാമാരിയെ തുടർന്ന് പ്രഖ്യാപിച്ച ഐസൊലേഷൻ വാർഡ് സജ്ജീകരിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | നിലമ്പൂർ മണ്ഡലത്തിൽ സി.എച്ച്.സി ചുങ്കത്തറ ആശുപത്രിയേയാണ് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത് |
| (സി) | ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ; ആയതിനായി എന്തെല്ലാം നടപടിക്രമങ്ങൾ അവശേഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ? | (സി) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ ചുങ്കത്തറ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി അനുയോജ്യമായ സ്ഥലം ലഭിച്ചതിനെ തുടർന്ന് മൂന്നാം ഘട്ടത്തിലാണ് പ്രവൃത്തി ഉത്തരവ് നൽകിയത്. നിലവിൽ പ്ലിംന്ത് ബീം (plinth beam) കോൺക്രീറ്റ് പൂർത്തിയാക്കി. സൂപ്പർ സ്ട്രക്ചർ - ന്റെ പ്രീ എഞ്ചിനീയറിംഗ് മെറ്റീരിയൽ സൈറ്റിൽ എത്തിച്ചേർന്നിട്ടുണ്ട്. ടി പദ്ധതി പൂർത്തീകരിക്കുന്നതിന് പ്രീ എഞ്ചിനീയറിംഗ് ഇറക്ഷൻ, ഇ.പി.എസ്. പാനൽ ഇറക്ഷൻ (Pre-Engineering Erection , EPS panel Erection & Finishing) ജോലികൾ അവശേഷിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ